# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

dokkd.ksad@kerala.gov.in

# നാദാപുരം ഗ്രാമപഞ്ചായത്ത്

# 2017-18 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി9/268/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:26.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

നാദാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നാദാപുരം ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 3, 6 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 1, 2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ കെ ഡി/പി9/268/19 തീയതി:26.03.2019

# കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 15/08/2017 മുതൽ 18/01/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമലതപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ്മാവേലി പുത്തൻവീട്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04/02/2019 മുതൽ 13.02.19 വരെ<br>18.02.19 മുതൽ 20.02.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലകൃഷ്ണൻ കെ.എം,<br>ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.ജയകുമാർ പാലോളി,<br>അസി.ഓഡിറ്റ് ഓഫീസർ<br>(06/02/2019 മുതൽ ) |
| | ശ്രീമതി. ഇന്ദുകല സി.വി,<br>സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.ശ്രീജിത് കെ.വി,<br>ഓഡിറ്റർ |

ബി)നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സുരേഷ്ബാബു പി.എം. | 01/04/2017 മുതൽ<br>31/03/2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | വിനോദ്കൃഷ്ണൻ കെ. | 01/04/2017 മുതൽ<br>27/06/2017 വരെ |
| | ജി.അനിൽകുമാർ | 28/06/2017 മുതൽ<br>19/07/2017 വരെ |
| | എം.പ്രദീപ്കുമാർ | 20/07/2017 മുതൽ<br>27/01/2018 വരെ |
| | ജി.അനിൽകുമാർ | 28/01/2018 മുതൽ<br>31/03/2018 വരെ |
| കൃഷി ഓഫീസർ | ഷംനം എം | 01/04/2017 മുതൽ<br>18/04/2017 വരെ |

| | | |
|---|---|---|
| | | |
| | ഷർഫീല മറിയം | 19/04/2017 മുതൽ 30/06/2017 വരെ |
| | ഇബ്രായി കെ.എം. | 01/07/2017 മുതൽ 24/07/2017 വരെ |
| | ഷംനം എം | 25/07/2017 മുതൽ 28/10/2017 വരെ |
| | റൈഹാനത്ത് | 29/10/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | മനമോഹൻ എസ്. | 01/04/2017 മുതൽ 07/10/2017 വരെ |
| | അജിത്കുമാർ വി. | 08/10/2017 മുതൽ 31/03/2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഗിരീഷ്കുമാർ | 01/04/17മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ: ഗീതാ ഗുരുദാസ് | 01.04.2017 മുതൽ 31/12/2017 വരെ |
| | ഡോ:അരവിന്ദാക്ഷൻ സി.കെ. | 01/01/18 മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ , (ആയുർവേദം) | ഡോ.ആൽസി.ബി | 01.04.2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ | സലിൻകുമാർ | 01.04.2017 മുതൽ 31/03/2018 വരെ |
| | നിസാർ യു.പി. | 01.04.2017 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കൗസല്യ ബി.കെ. | 01.04.2017 മുതൽ 31/03.2018 വരെ |
| ഹെഡ്മാസ്റ്റർ | കുമാരൻ പി.പി. | 01.04.2017മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ .ഇ.എം.പത്മനാഭൻ | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഹരിലാൽ കെ.എൻ. | 01.04.2017മുതൽ 25/08/2017 വരെ |
| | ഡോ.നർദ ബി. | 26/08/2017 മുതൽ 22/01/2018 വരെ |
| | ഡോ.തൻസീറ കെ. | 23/01/2018 മുതൽ 31/03/2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| | ഭാഗം - 2 | |
| 13 | രശീത് പിരിവിലെ അപാകതകൾ | 2-1 |
| 14 | പരിധിയിൽ കവിഞ്ഞ വ്യാപ്തിയുള്ള കെട്ടിടം ക്രമവത്കരിച്ച | 2-2 |

| | | |
|---|---|---|
| 15 | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു | 2-3 |
| 16 | അനധികൃത കെട്ടിടങ്ങൾ - തുടർനടപടികൾ സ്വീകിരക്കുന്നില്ല | 2-4 |
| 17 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-5 |
| 18 | വസ്തുനികുതി - അപാകതകൾ | 2-6 |
| 19 | വാടക കെട്ടിടങ്ങളുടെ ബൈലോയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയില്ല | 2-7 |
| 20 | കമ്മ്യൂണിറ്റി ഹാൾ കം കല്യാണമണ്ഡപം നടത്തിപ്പിലെ അപാകതകൾ | 2-8 |
| 21 | തൊഴിൽ നികുതി - രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-9 |
| | ഭാഗം - 3 | |
| 22 | മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് - മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല | 3-1 |
| 23 | കാർഷിക മേഖലയിലെ പദ്ധതി രൂപീകരണ നിർവഹണത്തിലെ അപാകതകൾ | 3-2 |
| 24 | തെരുവ് വിളക്ക് - നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിലെ അപാകത കൃത്യമായ സർവീസ് ലഭിയ്ക്കാതെ പോയി | 3-3 |
| 25 | പേപ്പർ രഹിത പഞ്ചായത്ത് ടച്ച് സ്ക്രീൻ അനുബന്ധ സാമഗ്രികളും വാങ്ങൽ. പദ്ധതി പൂർത്തിയായില്ല. | 3-4 |

| | | |
|---|---|---|
| 26 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കരാറിൽ ഏർപ്പെടാതെ വാട്ടർ അതോറിറ്റി തുക നൽകി | 3-5 |
| 27 | ഗ്രാമലക്ഷ്മി മുദ്രാലയം - ബിൽ തുകയേക്കാൾ 3768 രൂപ അധികം നൽകി. | 3-6 |
| 28 | മാലിന്യ സംസ്കരണം - പദ്ധതി ആസൂത്രണം ചെയ്യാതെ തനത് ഫണ്ടിൽ നിന്നും ചെലവ് | 3-7 |
| 29 | പത്രപരസ്യം - അധിക നിരക്ക് നൽകി | 3-8 |
| 30 | തെരുവ് വിളക്ക്/കുടവെള്ള പൈപ്പ്, സംയുക്ത പരിശോധന സംബന്ധിച്ച് | 3-9 |
| 31 | ശമ്പളപരിഷ്കരണ കുടിശ്ശിക – പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-10 |
| 32 | കുടിവെള്ള വിതരണം - നടപടി ക്രമങ്ങൾ പാലിച്ചില്ല | 3-11 |
| 33 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തിയില്ല. | 3-12 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - മതിയായ രേഖകൾ ഇല്ലാതെ അനുവദിച്ചു | 3-13 |
| 35 | വീട് വാസയോഗ്യമാക്കൽ - കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം നൽകി | 3-14 |
| 36 | എസ്.എസ്.എ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-15 |

| | | |
|---|---|---|
| | ഭാഗം - 4 | |
| 37 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

21/03/2017തീയതിയിലെ 39/17തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ് ബജറ്റ് അംഗീകരിച്ചു. 21/03/2018 ലെ 47/2018 തീരുമാനപ്രകാരം പുതുക്കിയ ബജറ്റ്

അംഗീകരിച്ചു.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ ബജറ്റ് താഴെപ്പറയും പ്രകാരം അംഗീകരിച്ചു എന്ന് രേഖപ്പെടുത്തിയതല്ലാതെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭരണസമിതി മിനിട്സിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ | | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ | |
|---|---|---|---|
| മുന്നിരിപ്പ് | 7110996.00 | മുന്നിരിപ്പ് | 10460496.50 |
| വരവ് | 202259000.00 | വരവ് | 68467855.00 |
| ആകെ | 209369996.00 | ആകെ | 78928351.50 |
| ചെലവ് | 201960500.00 | ചെലവ് | 66903257.00 |
| നീക്കിയിരിപ്പ് | 7409496.00 | നീക്കിയിരിപ്പ് | 12025094.50 |

പദ്ധതി രേഖയുടെയും സെക്രട്ടറിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും ശേഖരിച്ച കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയത് എന്നാണിത് കാണിക്കുന്നത്.

ബജറ്റ് എന്നത് വെറും വരവ് ചെലവ് കണക്കുകൾ എന്നതിലുപരി സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്. ജനുവരി 15ന മുമ്പ് ഘടക സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്ത് പദ്ധതിയേതര ബജറ്റ് /പുതുക്കിയ ബജറ്റ് പ്രൊപ്പോസലുകൾ ശേഖരിക്കുന്നുവെന്നും പദ്ധതിരേഖയുടെയും സെക്രട്ടറി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിലാണ് കരട് ബജറ്റ് തയ്യാറാക്കുന്നതെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. മാർച്ച് ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പ്രത്യേക യോഗത്തിൽ ബജറ്റ് അവതരിപ്പിക്കുന്നുവെന്നും വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ബജറ്റ് പാസ്സാക്കുന്നുവെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 30/05/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25/06/18മുതൽ 26/06/2018 വരെ | 1111/2018(43) തീ.24/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10460496.50 |
| വരവ് | 68467855.00 |
| ആകെ | 78928351.50 |
| ചെലവ് | 66903257.00 |
| നീക്കിയിരിപ്പ് | 12025094.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 18226000 | 18226000 | 16050083 | 2175917 |
| വികസന ഫണ്ട്-എസ്.സി.പി | - | 1407140 | 1407140 | 1110675 | 296465 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 8207000 | 8207000 | 3808928 | 4398072 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 4210000 | 4210000 | 2028361 | 2181639 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 8560317 | 8560317 | 3435994 | 5124323 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 1365796 | 1365796 | 1078282 | 287514 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 21571529 | 21571529 | 21571529 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10139 | 743930 | 754069 | 711282 | 42787 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 1251000 | 1251000 | 637672 | 613328 |
| | ജില്ലാ പഞ്ചായത്ത് | - | 17257170 | 17257170 | - | 17257170 |
| ബി ഫണ്ട് | | - | 60116300 | 60116300 | 60116300 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 75321057 | 96 | 38215871 | 7 | 63 | 60.37 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10139 | 743930 | 754069 | 711282 | 42787 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 21571529 | 21571529 | 21571529 | - |
| ആകെ | 10139 | 22315459 | 22325598 | 22282811 | 42787 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32400 | 54 |
| കർഷകതൊഴിലാളി പെൻഷൻ | 9705000 | 836 |

| | | |
|---|---|---|
| വിധവാപെൻഷൻ | 17005600 | 1445 |
| വാർദ്ധക്യകാലപെൻഷൻ | 27375900 | 2295 |
| വികലാംഗപെൻഷൻ | 5342900 | 453 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 654500 | 53 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,89,273 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ പൊതുഭരണം മെച്ചപ്പെടുത്തുന്നതിനും നികുതി/നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പിൽ ക്രിയാത്മക ചർച്ചകൾ നടന്നതായോ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വെച്ചതായോ കാണുന്നില്ല. ഉദാഹരണമായി 04/03/17 ൽ ചേർന്ന വർക്കിംഗ്ഗ്രൂപ്പിൽ പൊതുഭരണം സുതാര്യമാക്കുക, അഴിമതി മുക്തമാക്കുക തുടങ്ങിയ പൊതു നിർദ്ദേശങ്ങൾ വെക്കുകയല്ലാതെ അതിനാവശ്യമായ പ്രായോഗിക പദ്ധതികൾ മുന്നോട്ട് വെച്ചതായി കാണുന്നില്ല. അതുപോലെ 22/03/17 ന് നടന്ന വർക്കിംഗ് ഗ്രൂപ്പിൽ ഇ.എം.എസ്.ഭവന പദ്ധതി വായ്പ തിരിച്ചടവ്, ഓഡിറ്റോറിയം വായ്പ തിരിച്ചടവ് തുടങ്ങിയവക്ക് തുക വകയിരുത്താൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ആവശ്യമായ ശുപാർശകളും നിർദ്ദേശങ്ങളും സമർപ്പിക്കുകയാണ് പൊതുഭരണ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല.

പഞ്ചായത്ത് എഴുതി സൂക്ഷിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ രജിസ്റ്ററുകളിൽ പലതിലും മേലുദ്യോഗസ്ഥർ പരിശോധിച്ച് ഒപ്പുവെച്ചതായി കാണുന്നില്ല. ഉദാഹരണത്തിന് സ്യൂട്ട് രജിസ്റ്റർ. സ്യൂട്ട് രജിസ്റ്ററിൽ 3 കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതല്ലാതെ കേസുകളുടെ നിവിലുള്ള അവസ്ഥ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ മേലുദ്യോഗസ്ഥർ

പരിശോധിച്ചതായി കാണുന്നില്ല.

2.25 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്ന് വായ്പയെടുത്ത് നിർമിച്ച കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം സംബന്ധിച്ച് എഴുതി സൂക്ഷിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഹാൾ മിക്ക ദിവസവും പരിപാടിയില്ലാതെ ഒഴിഞ്ഞുകിടക്കുന്നതായും വരുമാനം കുറഞ്ഞുവരുന്നതായും കാണുന്നു. ഇതു സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ വിലയിരുത്തൽ നടത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27/12/16 ലെ 101/2016 നമ്പർ തീരുമാനം പരിശോധിച്ചതിൽ നാദാപുരം ഇൻഡോർ സ്റ്റേഡിയത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം വളരെ കുറവാണെന്നും വാടക നിശ്ചയിച്ചതിലെ പിഴവും സ്റ്റേഡിയം പല പരിപാടികൾക്കും സൗജന്യമായി നൽകുന്നതുമാണിതിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 6309 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 1256 സ്ഥാപനങ്ങൾക്കു മാത്രമാണ് ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ളത്. ഒട്ടേറെ സ്ഥാപനങ്ങൾ നികുതി വലയിൽനിന്ന് പുറത്താണെന്നാണിത് കാണിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ്, തൊഴിൽനികുതി സ്ഥാപന രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണമാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചതല്ലാതെ അഡ്ജസ്റ്റ് ചെയ്ത തുകകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അഡ്ജസ്റ്റ് ചെയ്ത തുകയ്ക്കനുസരിച്ച് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/12/2018 | 11/2018 | 31/12/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/07/2016 | 2011-12 മുതൽ 2015-16 വരെ | 20/07/2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

(1)വാർഷിക കണക്കുകൾ പ്രകാരം ഇൻഡോർസ്റ്റേഡിയം വാടകയിനത്തിൽ 83200 രൂപ വരവുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് എഴുതി സൂക്ഷിച്ച രജിസ്റ്റർ അപൂർണമാണ്. സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

(2) ഡി.സി.ബി. പത്രിക പ്രകാരം വസ്തു നികുതി ഡിമാന്റ് തുക 10175708 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 10176120 രൂപയാണ്. (ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ1-1)

(3) ഡി.സി.ബി. പത്രിക പ്രകാരം 2017-18 വർഷത്തെ വസ്തു നികുതി നീക്കിയിരിപ്പ് (ബാലൻസ്) 50553 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷ ബാക്കി 41877 രൂപയാണ്.

(4) ഡി.സി.ബി. പത്രിക പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക ഡിമാന്റ് 844126 രൂപയാണ്. എന്നാൽ 2016-17 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക 2106085 രൂപയാണ്.

(5) 2017-18 ലെ വാർഷിക കണക്കുകളിലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക 29377 രൂപയാണ്. എന്നാൽ ഡി.സി.ബി. പത്രിക പ്രകാരം 55252 രൂപയാണ്.

(6) 2017-18 ലെ ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി അഡ്വാൻസ് കളക്ഷൻ 35996 രൂപയാണ്. എന്നാൽ ഡി.സി.ബി.പത്രിക പ്രകാരം ഇത് 90416 രൂപയാണ്.

(7) 2017-18 ലെ ബാലൻസ്ഷീറ്റിലെ തൻവർഷ കുടിശ്ശികയും അരിയറും state govt. Cess/levies in property tax മായി പൊരുത്തപ്പെടുന്നില്ല.

(8) 2017-18 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം ബസ്റ്റാന്റ് നടത്തിപ്പിനുള്ള വരവ് 170400 രൂപയാണ്. എന്നാൽ ഡി.സി.ബി.രജിസ്റ്റർ പ്രകാരം ഇത് 180400 രൂപയാണ്.

(9)2017-18 വർഷത്തിൽ ആസ്തി രജിസ്റ്റർ തനത് ഫണ്ട് നിക്ഷേപത്തിന്റെ കൂടെ നിക്ഷേപിച്ച മറ്റ് ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത് പിരിവിലെ അപാകതകൾ

നാദാപുരം ഗ്രാമപഞ്ചായത്തിലെ രശീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്ററുകൾ, സാംഖ്യ രശീതുകൾ എന്നി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി.പത്മപ്രിയ ഫീൽഡ് തല കളക്ഷനുപയോഗിച്ച 21392 ബുക്കിലെ 65-ാം നമ്പർ രശീത് മുഖേന 14.11.2018 ന് പിരിച്ചെടുത്ത 74 രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിന് വിട്ടു പോവുകയും ആയത് 35 ദിവസങ്ങൾക്ക് ശേഷം 18.12.18 തീയതിയിലാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. പിരിവ് തുകയുടെ കൃത്യത പരിശോധിക്കേണ്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചിട്ടില്ല. ഭൂരിഭാഗം ദിവസങ്ങളിലെയും പിരിവ് തുകകൾ ഏതെങ്കിലും തലത്തിലുള്ള സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പാക്കുന്നില്ല. കാഷ്യർ, മേൽ നോട്ട ചുമതലയുള്ള അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക് എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതാണ് മേൽ അപാകതക്ക് കാരണമായത്. രശീത് പിരിവിന്റെയും അടവാക്കലിന്റെയും കൃത്യത പരിശോധിക്കുന്നതിനുള്ള ആഭ്യന്തര സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തത് ഭാവിയിൽ ഗുരുതരമായ അപാകതകൾക്ക് കാരണമായേക്കാം .

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള വരവിന് പണമടച്ച മുഴുവൻ ഗുണഭോക്താക്കൾക്കും രശീത് നൽകിയതായി കാണുന്നില്ല. പകരം ഒന്നിലേറെ ഗുണഭോക്താക്കളുടെ പണത്തിന് ഒരാളുടെ പേരിൽ രശീത് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. കേരള ട്രഷറി കോഡ് വോള്യം 1, സെക്ഷൻ 90 എ പ്രകാരം പണം സ്വീകരിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും പണമടക്കുന്നയാൾക്ക് രശീത് നൽകേണ്ടതാണ്. ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല.

പണം പിരിവ്/അടവ്, അവയുടെ അക്കൗണ്ടിംഗ് എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് സ്ഥാപനത്തിൽ ഫലപ്രദമായ ഒരു സിസ്റ്റം നിലവിലില്ല. ഓഫീസ് ഉത്തരവിലൂടെ കാഷ്യർ, അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക് എന്നിവരുടെ ചുമതലകൾ നിശ്ചയിച്ച് ആയത് യഥാവിധി നിർവ്വഹിക്കപ്പെടുന്നുണ്ട് എന്നത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. രശീത് അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയ കൃഷി ഓഫീസറിൽ നിന്നും വിശദീകരണം തേടേണ്ടതാണ്.

## **2-2** പരിധിയിൽ കവിഞ്ഞ വ്യാപ്തിയുള്ള കെട്ടിടം ക്രമവത്കരിച്ചു.

എൻ.കെ. കുഞ്ഞാലി, നങ്ങേലക്കണ്ടിയിൽ, പ്രസിഡണ്ട്, അൽ മദ്രത്തുൽ മുനവറ മദ്രസ്സ കമ്മിറ്റി എന്നവരുടെ ഉടമസ്ഥതയിലുള്ള വിദ്യഭ്യാസ ആവശ്യത്തിനുള്ള (ഗണം-ബി) കെട്ടിടം എ2-3483/17. തീ.14.06.2017 നമ്പർ ഫയൽ പ്രകാരം കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് 21/28.എ നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 5.6 ആർ (560 ച.മീ) ആണ്. കെട്ടിടത്തിന്റെ തറനിലയിലെ നിർമിത വിസ്തീർണ്ണം 274.24 ച.മീ ആണ്. കെട്ടിടത്തിന്റെ വ്യാപ്തി 48.97 ശതമാനമാണ്. സ്ഥലം പരിശോധിച്ച് സാങ്കേതിക പരിശോധന നടത്തിയ ഓവർസിയർ കെട്ടിടം കെട്ടിട

നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും കെട്ടിടം ക്രമവത്കരിച്ച് നമ്പർ നൽകാമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 35-പട്ടിക 2പ്രകാരം ബി-കൈവശ ഗണത്തിലുള്ള കെട്ടിടത്തിന്റെ അനുവദനീയമായ പരമാവധി വ്യാപ്തി 35 ശതമാനമാണ്. മേൽ സാഹചര്യത്തിലാണ് 48.9 % വ്യാപ്തിയുള്ള കെട്ടിടം ക്രമവത്കരിച്ച് നൽകിയിട്ടുള്ളത്. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിനനുസൃതമായി ചട്ടം 38 ൽ നിഷ്കർഷിക്കുന്ന പാർക്കിംഗ് സൗകര്യവും പ്ലോട്ടിൽ ലഭ്യമല്ല.

പ്രാഥമിക പരിശോധന നടത്തി ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയ സെക്ഷൻ ക്ലാർക്ക്, സ്ഥലത്ത് സാങ്കേതിക പരിശോധന നടത്തിയ ഓവർസിയർ, റിപ്പോർട്ട് അംഗീകരിച്ച് കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകിയ സെക്രട്ടറി എന്നിവരുടെ കൃത്യനിർവ്വഹത്തിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്.

കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകിയ നടപടി റദ്ദ് ചെയ്യേണ്ടതും അനധികൃത നിർമ്മാണമായി പരിഗണിച്ച് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20,137, 138 എന്നിവ പ്രകാരം തുടർ നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ ഉറപ്പ് വരുത്തേണ്ടതുമാണ് .

- പ്രാഥമിക പരിശോധനാ സൂചകങ്ങൾ തയ്യാറാക്കി അപാകതകൾ ആദ്യ ഘട്ടത്തിൽ തന്നെ തിരിച്ചറിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഓവർസിയർ തയ്യാറാക്കുന്ന അന്വേഷണ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്,
- ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പൂർണ്ണമായ രീതിയിൽ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തി ആധികാരികമാക്കേണ്ടതാണ്.
- മേൽ പരാമർശിച്ച കെട്ടിടം അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിലേക്ക് മാറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20,137, 138 എന്നിവ പ്രകാരം തുടർ നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു

ശ്രീ.അബ്ദുള്ള, മീത്തലെ താഴമ്മലിൽ, ഉുവക്കുന്ന് എന്നവരുടെ 10.04.2017 തീയതിയിലെ എ-2188/2017 നമ്പറായുള്ള വാണിജ്യ – താമസാവശ്യ (അപ്പാർട്ട്മെന്റ് ) കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിന്മേൽ 14.06.2017 തീയതിയിൽ എ2-2188/2017 നമ്പറായി നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയാണ് അപേക്ഷകന് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 104(5) പ്രകാരം ഭിന്നശേഷിയുള്ളവർക്കായി ഒരു കാർ പാർക്കിംഗ് എങ്കിലും ഒരുക്കേണ്ടതാണ്. ആയത് പാലിക്കപ്പെട്ടിട്ടില്ല.
- പാർക്കിംഗ് പ്ലാനിൽ 7.4 മീറ്റർ മാത്രം നീളമുള്ള പ്രദേശത്ത് നീളത്തിൽ 2 കാർ പാർക്കിംഗുകൾ ഒന്നിന് പുറകെ മറ്റൊന്നായി നീളത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഒരു കാർ പാർക്കിംഗിന് ആവശ്യമായ നീളം 5.5 മീറ്ററാണ്. 2 കാർ പാർക്കിംഗിന് ആവശ്യമായ പ്രദേശത്തിന്റെ ഏറ്റവും കുറഞ്ഞ നീളം 11 മീറ്ററാണെന്നിരിക്കെ 7.4 മീറ്റർ നീളം മാത്രമുള്ള പ്രദേശത്ത് 2 കാറുകളുടെ പാർക്കിംഗ് രേഖപ്പെടുത്തിയത് പരിഗണിച്ച് പെർമിറ്റ് അനുവദിച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ചട്ടം 38 പട്ടിക 4 എ പ്രകാരം ആവശ്യമായ പാർക്കിംഗ് സ്ഥലവും കെട്ടിടത്തിനില്ല.
- ചട്ടം 38(5) പ്രകാരം സന്ദർശകർക്കുള്ള തെരുവ് വിട്ടുള്ള 15% പാർക്കിംഗ് സജ്ജീകരിച്ചിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പരാമർശിച്ച അപാകതകൾ നിലനിൽക്കെയാണ് കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകുന്നതിന് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുള്ളത്. അപേക്ഷ പുനപരിശോധിച്ച് 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 104(5), 38 എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 അനധികൃത കെട്ടിടങ്ങൾ -തുടർനടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 ൽ നിർമ്മാണം ക്രമവത്കരിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ താഴെ പറയുന്ന കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20,137, 138 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ വിശദാംശം | ചട്ട ലംഘനത്തിന്റെ വിവരങ്ങൾ | സ്ഥാപനം സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | മമ്മൂട്ടി ഹാജി, വാഴയിൽ, നാദാപുരം.പി.ഒ. | ഫയൽ നം- എ2-3669/17, 23.06.17<br>പ്ലിന്ത് ഏരിയ- 455.22<br>വാണിജ്യാവശ്യം | കെട്ടിടത്തിന്റെ വ്യാപ്തി 80.3 ശതമാനം. | 16.07.2018 ൽ അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകി. തുടർ നടപടിയില്ല. |
| 2 | കേളപ്പൻ, വെള്ളിയോടൻ കണ്ടി, ഇയ്യങ്കോട്. | എ2-2836/17.തീ.08.05.2017<br>പ്ലിന്ത് ഏരിയ-366.06<br>സംഭരണ സ്ഥലം | 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 60(3)i-60(3)iii, 60(4), കേ.പ.രാ ആക്റ്റ് ലെ 220.ബി എന്നിവ പാലിക്കുന്നില്ല. | 16.05.2017 ലെ അപാകതകൾ പരിഹരിക്കുന്നതിന് 7 ദിവസത്തെ സമയമനുവദിച്ചുള്ള കത്ത്. ഓഡിറ്റ് തീയതി വരെയും തുടർ നടപടിയില്ല. |
| 3 | യാസർ, കണ്ടോത്ത്, ചേലക്കാട് (ക്രമവത്കരണം) | ഫയൽ നം - എ2-6357/17 തീ.23.11.2017<br>പ്ലിന്ത് ഏരിയ-354.23<br>വാണിജ്യ- പാർപ്പിടാവശ്യം | 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 26,27,28,36, | 15.11.2017 ലെ അപാകതകൾ പരിഹരിക്കുന്നതിന് 7 ദിവസത്തെ സമയമനുവദിച്ചുള്ള കത്ത്. ഓഡിറ്റ് തീയതി വരെയും |

| | | | | |
|---|---|---|---|---|
| | | | 38,104 എന്നിവ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമല്ല. | തുടർനടപടിയില്ല. |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ അനധികൃത നിർമ്മാണങ്ങളായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫീൽഡ് തല ജീവനക്കാരുടെ സഹായത്തോടെ ചട്ടങ്ങൾ പാലിക്കാതെയും അപകടപരമായി നിർമ്മിക്കുന്നതുമായ കെട്ടിട നിർമ്മാണങ്ങൾ നിരീക്ഷിച്ച് നിയന്ത്രിച്ച് പൊതുജന സുരക്ഷ ഉറപ്പാക്കേണ്ടത് സ്ഥാപനത്തിന്റെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ കെട്ടിട ക്രമവത്കരണത്തിനായി 200 ലധികം അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. പെർമിറ്റില്ലാതെ നടക്കുന്ന നിർമ്മാണങ്ങൾ, ഭൂവികസനം എന്നിവ യഥാസമയം റിപ്പോർട്ട് ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയാണ് ഇത്തരത്തിലുള്ള അപേക്ഷകളുടെ ബാഹുല്യത്തിന് കാരണമാകുന്നത്. നിർമ്മാണത്തിന് ശേഷം കണ്ടെത്തുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം പരിഹരിക്കുന്നതിനുള്ള നടപടികൾ സങ്കീർണ്ണമാണെന്നതിനാൽ പെർമിറ്റില്ലാതെ നടത്തുന്ന ഇത്തരം നിർമ്മാണങ്ങൾ കർശനമായി തടയുന്നത് സ്ഥാപനത്തെ സംബന്ധിച്ച് ഗുണകരമാവും. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത എന്നാൽ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137, 138 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണ ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയം ഏതെങ്കിലും യോഗത്തിൽ അജണ്ടയിലുൾപ്പെടുത്തി ചർച്ച ചെയ്യുകയോ, സ്ഥാപനത്തിൽ നിലവിലുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഫീൽഡ് തല പരിശോധന ഉറപ്പ് വരുത്തേണ്ടതും കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 2-5 ഡി&ഒ ലൈസൻസ് -അപാകതകൾ.

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ

ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനം 2017-18 ൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി&ഒ ലൈസൻസ് ഫീയുടെ ഡിമാന്റ് സ്ഥാപനം നിശ്ചയിച്ചത് തൻവർഷം ഈ ഇനത്തിൽ വരവ് വന്ന തുകയെ അടിസ്ഥാനപ്പെടുത്തിയാണ്.
2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 6309 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 1256 പേർക്ക് മാത്രമെ 2017-18 ൽ ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. അതായത് വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള 80 ശതമാനത്തിലധികം കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുകയോ അല്ലെങ്കിൽ ഇത്തരം കെട്ടിടങ്ങളിലെ വാണിജ്യ സ്ഥാപനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. മേൽ വസ്തുത സ്ഥാപനം പരിശോധനാ വിധേയമാക്കിയിട്ടില്ല.
3. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കാതെയാണ് സെക്രട്ടറി ലൈസൻസ് അനുവദിക്കുന്നത്.
4. കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 205.ബി പ്രകാരം നോട്ടീസ് നൽകി കെട്ടിട ഉടമകളിൽ നിന്നും കെട്ടിടം ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ശേഖരിക്കുകയോ ഫീൽഡ് പരിശോധന നടത്തി നോട്ടീസ് നൽകിയതായും കാണുന്നില്ല.
5. 21.08.2017 ലെ 5618 നമ്പറായുള്ള വിവരാവകാശ ഫയലിൽ ശ്രീ.ജാഫർ, കളയംകുളത്ത്, വാണിമേൽ എന്നവർ നൽകിയ അപേക്ഷയിൽ കുഞ്ഞാലി ഈന്തുള്ളതിൽ എന്നവർ മണൽ സംഭരിച്ച് വിൽപന നടത്തുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് ആയതിന് ലൈസൻസ് ആവശ്യമില്ല എന്നാണ് സ്ഥാപനം മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ 818 ആയി ശ്രീ.ആലിക്കുട്ടി, ബാമുള്ളതിൽ എന്നവർക്ക് ഇതേ ആവശ്യത്തിനായി ലൈസൻസ് അനുവദിച്ചതായും കാണുന്നു. 1994 കേരള പഞ്ചായത്ത് രാജ് നിയം, സെക്ഷൻ 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 ൽ മണൽ വ്യാപാരം ഉൾപ്പെടുന്നില്ല എന്ന് വ്യാഖ്യാനിച്ചാണ് സ്ഥാപനം തെറ്റായ മറുപടി നൽകിയത്. വിവരാവകാശ അപേക്ഷയിലൂടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനെ കുറിച്ച് സ്ഥാപനത്തിന് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.കുഞ്ഞാലി ഈന്തുള്ളതിൽ എന്നവർക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255

പ്രകാരം സ്ഥാപനം യാതൊരുവിധ ശിക്ഷണ നടപടികളും കൈക്കൊണ്ടിട്ടില്ല.

6. വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതായും കാണുന്നു. ഉദാ- ക്രമ നമ്പർ 617 നമ്പറായുള്ള രഞ്ജിനി രാജേന്ദ്രൻ, കുഞ്ഞിക്കുനിതല, ചാലക്കര എന്നവരുടെ ഫ്യുവൽ സ്റ്റേഷൻ നടത്തുന്നതിനുള്ള അപേക്ഷയിൽ 190000 രൂപയാണ് പ്രതിദിന വിറ്റുവരവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലൈസൻസ് ഫീ 2500 രൂപ മാത്രമെ ഈടാക്കിയിട്ടുള്ളു. കുറവ് വന്ന ലൈസൻസ് ഫീ 1500 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുകയോ, അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത പരിശോധിക്കുകയോ ചെയ്യുന്നില്ലെന്ന് മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1334 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. കുറവ് വന്ന ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി

നാദാപുരം ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് കാണുന്നു. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകളിൽ നാമമാത്രമായ രേഖകൾ മാത്രമെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളത്.

1. സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള 2013-14 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം 13707 കെടിടങ്ങൾ നികുതി പരിധിയിൽ ഉൾപ്പെടുന്നതായി കാണുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 18204 കെട്ടിടങ്ങളിൽ 14335 കെട്ടിടങ്ങൾ മാത്രമെ സെക്രട്ടറി വെരിഫൈ ചെയ്ത് ആധികാരികമാക്കിയിട്ടുള്ളൂ. 2017-18 ൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 14335 കെട്ടിടങ്ങളിൽ എത്ര കെട്ടിടങ്ങൾക്ക് നികുതി ബാധകമാക്കിയിട്ടുണ്ടെന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കിയ 14335 കെട്ടിടങ്ങളും നികുതി പരിധിയിൽ വരുന്നവയാണെന്ന് പരിശോധിച്ചാൽ പോലും കഴിഞ്ഞ 5

വർഷത്തിനിടയിൽ 628 കെട്ടിടങ്ങളുടെ വർദ്ധനവ് മാത്രമെ ഉണ്ടായിട്ടുള്ളൂ എന്ന് കാണാം. പ്രതിവർഷം ശരാശരി 400 ലധികം കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തുന്നുണ്ടെന്നത് പരിഗണിക്കുമ്പോൾ വർദ്ധനവ് നാമമാത്രമാണെന്ന് കാണാം. ബേസ്ഡാറ്റയായി രേഖപ്പെടുത്തിയതും ഫോറം 6 അപ്രൂവ് ചെയ്യാത്തതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഡിമാന്റിന്റെ കൃത്യത അസസ്മെന്റ് രജിസ്റ്ററുകൾ, ന്യൂ ബിൽഡിംഗ് രജിസ്റ്ററുകൾ എന്നിവയുമായി താരതമ്യപെടുത്തി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. 16.03.2018 ലെ 109/18 നമ്പർ തീരുമാന പ്രകാരം 200 ലധികം കെട്ടിടങ്ങളുടെ വസ്തുനികുതി പൊളിച്ചുമാറ്റിയ കെട്ടിടങ്ങളായി രേഖപ്പെടുത്തി നികുതി ഒഴിവാക്കിയതായി കാണുന്നു. തൻവർഷത്തെ നികുതി ഈടാക്കാതെയാണ് കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കിയിട്ടുള്ളത്. കൂടാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ 69 വരികളിലായി 200 ലധികം കെട്ടിടങ്ങളുടെ വിശദാംശങ്ങൾ തിക്കിനിറച്ച് രേഖപ്പെടുത്തൽ വരുത്തിയത് സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷം ഡിമാന്റ് ഒഴിവാക്കിയതിനുള്ള സാധ്യത സൃഷ്ടിക്കുന്നു. കടാതെ ഇത്തരത്തിൽ ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റിൽ നിന്നും 200 ലധികം കെട്ടിടങ്ങൾ ഒഴിവാക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ വിവിധ ഉപയോഗക്രമങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നീ വിവരങ്ങളൊന്നും ലഭ്യമല്ല.

4. 2017-18 വർഷത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി ഇ-പേമെന്റായി അടവാക്കുന്നതിനുള്ള സൗകര്യം ഉപയോഗിച്ച് എത്ര പേർ വസ്തുനികുതി അടവാക്കിയിട്ടുണ്ട്. മേൽ സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് നികുതിദായകരിൽ പ്രചരണം നടത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല.

5. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും മേൽ കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും 3 മടങ്ങ് നികുതി ഈടാക്കുകയോ, മേൽ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്. രജിസ്റ്റർ കാലികമാക്കുന്നതിൽ വരുത്തിയ വീഴ്ചയും വിശദീകരിക്കേണ്ടതാണ്.

6. 2017-18 വർഷത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ ബാധ്യതയായി രേഖപ്പെത്തിയിട്ടുള്ള വസ്തു നികുതി മുൻകൂർ പിരിവ് തുക39741 രൂപ

തുടർ വർഷങ്ങളിൽ ഏതെല്ലാം ഡിമാന്റുകളിലേക്ക് പൊരുത്തപ്പെടുത്തേണ്ടവയാണെന്നത് സംബന്ധിച്ച റിപ്പോർട്ട് സഞ്ചയയിൽ ലഭ്യമല്ല. മേൽ തുകയിൽ 144/2015, 358/2015 നമ്പർ ഉത്തരവുകളിലൂടെ നികുതി ഒഴിവാക്കി നൽകിയതും മുൻകൂർ പിരിവെടുത്തതിൽ മേൽ കെട്ടിട ഉടമകൾക്ക് തിരിച്ച് നൽകേണ്ടതുമായ തുക സംബന്ധിച്ച് സ്ഥാപനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല..

7. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൻവർഷത്തേതുൾപ്പെടെ കുടിശ്ശിക തുക ഈടാക്കാതെ 200 ലധികം കെട്ടിടങ്ങളുടെ വസ്തു നികുതി പൊളിച്ചുമാറ്റിയ കെട്ടിടങ്ങളായി രേഖപ്പെടുത്തി വസ്തുനികുതി ഒഴിവാക്കിയതായി കാണുന്നു. ഡിമാന്റിൽ നിന്നും ഇപ്രകാരം ഒഴിവാക്കിയ തുകയുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ പോലുള്ള വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട 15% വർദ്ധനവും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 70/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. (ഫയൽ ലഭ്യമാക്കിയിട്ടില്ല- സഞ്ചയയിൽ രേഖപ്പെടുത്തിയ നിരക്ക്) ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

പട്ടിക കാണുക.

| ക്രമനം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമ സ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് / ഉപയോഗ ക്രമം | ഇടാക്കേണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം, നിരക്ക് | ഈടാക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 10/503 A- 10/503 B17. | മറിയം ഇല്ലത്ത് മുതൽ പേർ | തറ വിസ്തീർണ്ണം - 3308.8, | 70/ 100 ച.മീ ന് മുകളിലുള്ള വാണിജ്യാ വശ്യം. | അടിസ്ഥാന വസ്തുനികുതി- 231616 വർദ്ധനവ്- (+20%, വഴി)– 46323 ആകെ-277939 | 60/ 100 ച.മീ വരെയുള്ള വാണിജ്യാ വശ്യം, | 238234 | 39705 |
| ആകെ | | | | | | | | 39705 |

ഇപ്രകാരം നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. മേൽ പരാമർശിച്ച അപാകതകൾ മുൻ നിർത്തി ഡിമാന്റിന്റെ കൃത്യത പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 2-7 വാടക കെട്ടിടങ്ങളുടെ ബൈലോയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 65 മുറികൾ നിലവിൽ വാടകക്ക് നൽകിവരുന്നുണ്ട്. മുറികൾ വാടകക്ക് നൽകുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വാടക കെട്ടിടങ്ങൾക്ക് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വാടകകെട്ടിടങ്ങൾ ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് ലൈസൻസിൻമേൽ വാടകയ്ക്കോ പാട്ടത്തിനോ കൊടുക്കാവുന്നതും,

അവയുടെ ഉപയോഗത്തിനും കൈവശത്തിനും പഞ്ചായത്ത് നിശ്ചയിക്കാവുന്ന ഫീസ് ചുമത്താവുന്നതുമാണ്. വാടക സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ 65 മുറികൾ വാടകയ്ക്ക് നൽകി വരുന്നുണ്ടെങ്കിലും ഇവയുടെ വാടക, കാലതാമസത്തിനുള്ള പിഴ, ഡെപ്പോസിറ്റ് എന്നിവ എന്ത് അടിസ്ഥാനത്തിലാണ് ഈടാക്കി വരുന്നത് എന്നതും വ്യക്തമല്ല. 62വാടകക്കാരിൽ നിന്നും 200/- രൂപയുടെ മുദ്രപത്രങ്ങൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നല്ലാതെ നിബന്ധനകൾ ഒന്നും എഴുതി ചേർത്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം സർക്കാർ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽതന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162എ(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നികുതി, ഫീസ്, വാടക, മറ്റു വരവുകൾ എന്നിവ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിററിയാണ്. പ്രതിമാസ അക്കൗണ്ടുകൾ ഓഡിററ് നടത്തി വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും, ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ നഷ്ടപ്പെടുന്നില്ലെന്നും, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അത് ഈടാക്കുന്നുണ്ടെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാടകക്കു നൽകുന്നതിലും വാടക കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി, ഭരണസമിതി എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-8 <u>കമ്മ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം നടത്തിപ്പിലെ അപാകതകൾ</u>

2014-15 വർഷം കെ.യു.ആർ.ഡി.എഫ്.സി.യിൽനിന്ന് 2.25 കോടി രൂപ വായ്പയെടുത്ത് നിർമിച്ച കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം ഓഡിറ്റ് വർഷം വിവിധ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയതായി കണ്ടു. 600 പേർക്കിരിക്കാവുന്നതും ഒരേ സമയത്ത് 300 പേർക്ക് ഭക്ഷണം കഴിക്കാവുന്നതുമായ വിശാലമായ സൗകര്യമുള്ള കെട്ടിടത്തിൽനിന്ന് വാടകയിനത്തിൽ തൻവർഷം ലഭിച്ച തുക (ക്ലീനിംഗ് ചാർജ് ഉൾപ്പെടെ) 567800 രൂപയാണ്. തൻവർഷം പലിശയിനത്തിൽ 1968220 രൂപയും മുതലിലേക്ക് 3204580 രൂപയും KURDF ലേക്ക് പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. കരട് ബൈലോ തയ്യാറാക്കി

അംഗീകാരത്തിന് അയച്ചിട്ടുണ്ട്.ഓഡിറ്റ് തിയ്യതിവരെ ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. കരട് ബൈലോ പ്രകാരം നിശ്ചയിച്ച വാടക നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

| | വാടക | ഡെപ്പോസിറ്റ് | ക്ലീനിംഗ് ചാർജ് |
|---|---|---|---|
| 1 ദിവസം | 40000 | 25000 | 5000 |
| 1.5 ദിവസം | 60000 | 30000 | 5000 |
| രാത്രി കാലം | 40000 | 25000 | 5000 |
| ഭക്ഷണശാല മാത്രം (5 മണിക്കൂർ) | 5000 | 2500 | 1000 |
| അര ദിവസം | 15000 | 7500 | 2500 |

നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

(1) വരുമാനം കുറഞ്ഞു വരുന്നു

07/2017 മുതലാണ് മേൽ കെട്ടിടം വാടകയ്ക്ക് നൽകിയതായി കാണുന്നത്. എന്നാൽ വാടകയിനത്തിലുള്ള വരവ് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. മിക്ക ദിവസങ്ങിലും ഹാളിൽ പരിപാടിയില്ലാതെ ഒഴിഞ്ഞ് കിടക്കുകയാണ്. 07/2017 മുതൽ 12/2018 വരെ വാടകയ്ക്ക് നൽകിയവരുടെ എണ്ണം സംബന്ധിച്ച് ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

| കാലയളവ് | വാടകയ്ക്ക് നൽകിയവരുടെഎണ്ണം |
|---|---|
| 07/2017 മുതൽ 12/2017 വരെ | 13 |
| 01/2018 മുതൽ 06/2018 വരെ | 11 |
| 07/2018 മുതൽ12/2018 വരെ | 7 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മേൽ കെട്ടിടത്തിൽ നിന്ന് മതിയായ വരുമാനം ലഭിക്കാത്തതു സംബന്ധിച്ച് ചർച്ച നടന്നതായി കാണുന്നില്ല. വരുമാനം കുറഞ്ഞുവരുന്നതിന്റെ കാരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

(2) ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കരട് ബൈലോ ഖണ്ഡിക XVI പ്രകാരം ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ബുക്കിംഗ് രജിസ്റ്റർ സൂക്ഷക്കുന്നില്ല. ആയതിനാൽ എന്നാണ് പരിപാടികൾ ബുക്ക് ചെയ്തതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(3) കലക്ഷൻ രജിസ്റ്ററിൽ പൂർണവിവരങ്ങളില്ല

കലക്ഷൻ രജിസ്റ്ററിൽ വാടകയ്ക്ക് നൽകിയവരുടെ പൂർണമായ വിലാസം, ഫോൺ നമ്പർ

തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(4) ക്യാൻസൽ ചെയ്ത പരിപാടികളുടെ മുഴുവൻ ഡെപ്പോസിറ്റും തിരികെ നൽകി

കരട് ബൈലോയിലെ ഖണ്ഡിക XII പ്രകാരം വാടക തുക ഈടാക്കിയതിനു ശേഷം പരിപാടി മാറ്റി വെക്കുകയാണെങ്കിൽ അപേക്ഷയോടൊപ്പം അടവാക്കിയ ഡെപ്പോസിറ്റ് തുകയിൽ നിന്നും 50% പരിഹാര തുകയായി പഞ്ചായത്ത് ഈടാക്കി ബാക്കി ഡെപ്പോസിറ്റ് തുകയും വാടക തുകയും മാത്രമേ അപേക്ഷകന് തിരികെ നൽകേണ്ടതുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരിപാടി ക്യാൻസൽ ചെയ്ത താഴെ പ്പറയുന്ന കേസുകളിൽ മുഴുവൻ ഡെപ്പോസിറ്റും തിരികെ നൽകിയതായി കാണുന്നു.

| ബുക്ക് ചെയ്തയാളുടെ പേര് | ഒടുക്കിയ ഡെപ്പോസിറ്റ് തുക | തിരികെ നൽകിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| ഷെരീഫ് കളത്തിൽ | 7500 | 7500 | 2180026 തീ.09/04/2018 |
| പ്രസിഡന്റ് ലൻസ്ഫെഡ് | 2500 | 2500 | 21800426 തീ.18/08/2018 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടകനിരക്ക്, ഹാളിന്റെ അടിസ്ഥാന സൗകര്യം എന്നിവയിൽ എന്തെങ്കിലും അപാകതയുണ്ടോയെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഭരണസമിതിയിൽ ചർച്ച ചെയ്ത് ഹാൾ പൊതുജനത്തിന് പ്രയോജനപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതും വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-9 തൊഴിൽ നികുതി - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ഇത് ഓരോ വർഷവും ആരംഭിക്കുന്ന പുതിയ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി കാലികമാക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇത്തരത്തിലൊരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഏതെങ്കിലും

കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടോ അല്ലെങ്കിൽ കൈവശക്കാരനോടോ സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഇതേ നിയമം 205(സി), 205(എഫ്), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുന്നതിനും, ഓരോ അർദ്ധവർഷവും, മെയ് മാസത്തിലും, നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുന്നതിനും തൊഴിൽ നികുതി അടയ്ക്കുന്നതിനുമായി സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്.

വാണിജ്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ/ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വ്യാപാരികൾക്ക് തൊഴിൽനികുതി ഈടാക്കാവുന്ന വരുമാനം/ടേൺഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ നോട്ടീസ് നൽകുന്നില്ല. നിലവിൽ ഡി. ആന്റ്. ഒ ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്തുവരുന്നത് റിട്ടേൺ സമർപ്പിക്കാത്ത പക്ഷം നികുതി നിരക്ക് കണക്കാക്കുന്നതിനു സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. വരുമാനം/ടേൺഓവർ കാണിക്കുന്ന പത്രികകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകാത്തതിനും വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ വാണിജ്യ സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ, പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ/ ഓഫീസ്/ വ്യവസായ കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ഒ, തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വേർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 6309 (വാണിജ്യ/ വ്യാവസായിക/ ഓഫീസ് ) കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടും ഡി ആന്റ് ഒ/ തൊഴിൽ നികുതി (ട്രേഡേഴ്സ്) പരിധിയിൽ 1256 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 19.91% ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയയിലെ കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. നികുതി, ഫീസ്, വാടക, മറ്റുവരവുകൾ എന്നിവ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിററിയുടെ ചുമതലയാണ്. വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും, ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ നഷ്ടപ്പെടുന്നില്ലെന്നും, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അത് ഈടാക്കുന്നുണ്ടെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിററിയും മേൽ നോട്ടചുമതലയുള്ള ഉദ്യോഗസ്ഥനും ആവശ്യമായ ഇടപെടലുകൾ നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് -മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പരിശോധിച്ചതിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പരാമർശമില്ല. മേഖലയെ സംബന്ധിച്ച സമഗ്രമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. ആയതിന്റെ അടിസ്ഥാനത്തിലേ കാര്യക്ഷമമായ പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാവൂ. വർക്കിംഗ് ഗ്രൂപ്പിൽ പതിമൂന്നാം പദ്ധതിക്കായുള്ള നിർദ്ദേശമായി ഡ്രൈനേജുകൾ നിർമ്മിക്കാൻ സൗകര്യമുള്ള റോഡുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് വാർഡുകളിൽ നിന്നും റോഡുകളുടെ ലിസ്റ്റ് വാങ്ങുന്നതിനും ആയതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടോ മൂന്നോ റോഡുകൾക്ക് കൂടുതൽ സംഖ്യ അനുവദിച്ചുകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിൽ നിന്നുണ്ടായ മേൽ നിർദ്ദേശം പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണത്തിൽ കൃത്യമായ ദിശാബോധം നൽകുന്നുവെങ്കിലും വർക്കിംഗ് ഗ്രൂപ്പിന്റെ തുടർ പ്രവർത്തനം പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണഘട്ടത്തിൽ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്നതിൽനിന്ന് പൂർണ്ണമായി മാറി നിൽക്കുന്ന അവസ്ഥയാണ് പഞ്ചായത്തിൽ ഉണ്ടായിട്ടുള്ളത്.

പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരെ ഏൽപ്പിക്കുന്നതിലും കാരാറിൽ ഏർപ്പെടുന്നതിലും കാലതാമസം ഉണ്ടായിട്ടും ഇത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തിട്ടില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിൽ വർക്കിംഗ്ഗ്രൂപ്പ് കൃത്യമായി ഇടപെടേണ്ടതും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പിന്റ പ്രധാന ചുമതലകളിൽ ഒന്ന് പദ്ധതി രൂപീകരണത്തിന് ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് പദ്ധതികളുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുക എന്നുള്ളതാണ്. തൻ വർഷം പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ മോണിറ്ററിംഗ് കമ്മിറ്റി ചെയർമാൻ പ്രവൃത്തി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയതല്ലാതെ മോണിറ്ററിംഗ് സമിതി എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തികൾ ഒറ്റ പദ്ധതികളുടെയും വിലയിരുത്തൽ നടത്തിയിട്ടില്ല.

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവത്തികളുടെ നിർവ്വഹണത്തിൽ വന്നമറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1-പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയ 90 പൊതുമരാമത്ത് പ്രവൃത്തികളിൽ 42 എണ്ണത്തിൽ മാത്രമേ തൻവർഷം ചെലവുള്ളൂ. ആകെ പദ്ധതിക്കായി വകയിരുത്തിയ 32766906 രൂപയിൽ 10595173 രൂപയേ തൻവർഷം ചെലവുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് | 276567 | 198876 | 77691 | 71.9 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8475518 | 2552094 | 5923424 | 30.11 |
| ലോകബാങ്ക് സഹായം | 1000000 | 778452 | 221548 | 77.84 |
| കേന്ദ്രഫണ്ട് | 57000 | - | | |
| തനത് ഫണ്ട് | 5757756 | 1916112 | 3841644 | 33.27 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 300000 | - | 300000 | - |
| ജില്ലാപഞ്ചായത്ത് വിഹിതം | 1500000 | - | 150000 | - |
| മെയിന്റനെൻസ് ഗ്രാന്റ് റോഡ് | 8207000 | 3808928 | 4398072 | 46.41 |
| മെയിന്റനെൻസ് ഗ്രാന്റ് | 4696065 | 1340711 | 3355354 | 28.54 |

| | | | | |
|---|---|---|---|---|
| നോൺറോഡ് | | | | |
| മറ്റുള്ളവ | 25000000 | - | 2500000 | - |
| ആകെ | 32766906 | 10595173 | 22171733 | 32.33 |

മേൽ വകയിരുത്തിയ തുകകളിൽ വികസനഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ്, ലോകബാങ്ക് സഹായം മെയിന്റനൻസ്ഗ്രാന്റ് റോഡ്, നോൺറോഡ് ഇനങ്ങളിലുള്ള തുകയിൽ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സർക്കാർ തിരിച്ചെടുക്കുമെന്നിരിക്കെ വകയിരുത്തിയ തുകകൾ യഥാസമയം ചെലവഴിക്കാത്തത് വഴി പഞ്ചായത്തിന് ഈ ഇനത്തിൽ വൻതുക തൻവർഷം നഷ്ടപ്പെട്ടിരിക്കുകയാണ്.

സാമ്പത്തിക വർഷം ജൂൺ മാസത്തിൽ തന്നെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടും ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളിലും കരാറുകാരെ നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നത് സാമ്പത്തിക വർഷാന്ത്യത്തിൽ മാത്രമാണ്. തൻ വർഷം രൂപീകരിച്ച പുതിയ പ്രോജക്ടുകളിൽ മൂന്ന് എണ്ണത്തിലൊഴികെ ബാക്കി 58 എണ്ണത്തിലും എഗ്രിമെന്റ് വച്ചത് 2018 ജനുവരി 22 ന് ശേഷമാണ്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി കരാറുകാരെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസമാണ് തൻവർഷം പൊതുമരാമത്ത് പദ്ധതികളിലെ ചെലവ് കുറയുന്നതിനും വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുന്നതിനു മിടയാക്കിയത്.

2- <u>അങ്കണവാടി പുതിയ കെട്ടിടം നിർമ്മാണത്തിന് മെയിന്റനെൻസ് ഗ്രാന്റ് വിനിയോഗിച്ചു.</u>

പ്രോജക്ട് നം-154/18

അടങ്കൽ - 1450000.

(1250000/- (റോഡിതര മെയിന്റനെൻസ് ഗ്രാന്റ്), 200000 ( തനത്ഫണ്ട്))

ചെലവ് – 484158/- (റോഡിതര മെയിന്റനെൻസ് ഗ്രാന്റ്)

ബിൽ നം – 36/28-03-18

പഞ്ചായത്തിലെ കക്കംവള്ളി അംഗൺ വാടിക്ക് (നംമ്പർ -37) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് മേൽ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയത്. മെയിന്റനെൻസ് ഗ്രാന്റ് നോൺ റോഡ് അനുവദിച്ചിട്ടുള്ളത് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾക്കും ആസ്തിപരിപാലനത്തിനുമാണ് വിനിയോഗിക്കേണ്ടതിനാണ്. ആയതിന് വിരുദ്ധമായാണ് തൻവർഷം മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഫണ്ട് അങ്കണവാടിക്ക് പുതിയകെട്ടിടം നിർമ്മിക്കുന്നതിനായി വകയിരുത്തി ചെലവഴിച്ചത്.

3-സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ട്രഷറി, നാഷണലൈസ്ഡ് ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക് എന്നിവയുടേതല്ലാത്ത സ്ഥിര നിക്ഷേപം സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് സെലക്ഷൻ ലെറ്റർ പ്രകാരം അടങ്കൽ തുകയുടെ നിശ്ചിത ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കി കരാറിൽ ഏർപ്പെടുന്നതിനായി അറിയിപ്പ് നൽകുമ്പോൾ ആയതിൽ 50% തുക ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റും ബാക്കി തുക നാഷണലൈസ്ഡ് ബാങ്ക്/ഷെഡ്യൂൾഡ്ബാങ്ക് എന്നിവയിൽ നിന്നുള്ള ഫിക്സഡ് ഡെപ്പോസിറ്റും ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ട പ്രവൃത്തികളുൽ മേൽപറഞ്ഞ പ്രകാരമല്ലാതെ കാവിലുംപാറ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിച്ചതായി കാണുന്നു.

4-ടെൻണ്ടർ കുറവ് വരുത്താതെ ബിൽ തുക നൽകി.

തൻ വർഷം കരാറുകാർ ബിലോ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ ഫൈനൽ ബിൽ നൽകുമ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകിയതായി കാണുന്നു ഉദാഹരണം -പ്രോജക്ട് നം -149/18മമ്മളിത്താഴെ റോഡ് (പ്രവൃത്തിമൂല്യം – 288937), പ്രോജക്ട് നം-151/18-കോറോത്ത്വയൽ സ്കൂൾ റോഡ് (പ്രവൃത്തിമൂല്ല്യം – 309284). തൻവർഷം ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരെ കണ്ടെത്തിയ രണ്ട്പ്രവൃത്തികളിലും കരാറുകാർ .01% എസ്റ്റിമേറ്റ് നിരക്കിലാണ് പ്രവത്തി ഏറ്റെടുത്തത് എങ്കിലും മേൽ കുറവ് വരുത്താതെയാണ് കരാറുകാർക്ക് ഫൈനൽ ബിൽ നൽകിയത്.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-2 കാർഷികമേഖലയിലെ പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ.

കാർഷിക മേഖലയിലെ തൻ വർഷത്തെ പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് 22-3-2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങളായി സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉന്നയിച്ച് പ്രശ്നങ്ങളുടെ പരിഹാരമായിട്ടല്ല തൻവർഷം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പദ്ധതി രൂപീകരണത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കൽ മാത്രമായി മാറി. ആദ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽതന്നെ ജനകീയാസൂത്രണം വഴി നൽകുന്ന നടീൽ വസ്തുക്കളുടെ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യണം എന്ന് വർക്കിംഗ് ഗ്രൂപ്പ് മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. എന്നാൽ തൻ വർഷം പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മേൽ നിർദ്ദേശം പാലിക്കപ്പെട്ടില്ല. നടീൽ വസ്തുക്കളുടെ വാങ്ങൽ

വിതരണം എന്നിവ ഉൾപ്പെട്ട പ്രോജക്ടുകളിൽ നടീൽ വസ്തുക്കളുടെ തരം, എണ്ണം, വില എന്നിവ സംബന്ധിച്ച ചർച്ചകളോ നിർദ്ദേശങ്ങളോ ഒന്നും തന്നെ കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. വൻ തുക വകയിരുത്തി നടപ്പിലാക്കിയ ഭൂരിഭാഗം പദ്ധതികളും 100% സബ്സിഡി നിരക്കിലുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യലാണ് എന്നിരിക്കെയാണ് പദ്ധതി നിർവ്വഹണത്തിൽ കൃത്യമായ മോണിറ്ററിംഗ് നടക്കാതെ പോയിട്ടുള്ളത്. അന്തിമ പദ്ധതി രേഖയിൽ കേരകർഷകർക്ക് ജൈവരാസ വളങ്ങൾ മുടങ്ങാതെ എല്ലാവർഷവും വിതരണം ചെയ്തെങ്കിലും പല വർഷങ്ങളിലും അംഗീകാരം ലഭിക്കാൻ വൈകുന്നത് കൊണ്ട് അനുയോജ്യമായ കാലാവസ്ഥയിൽ വളം വിതരണം ചെയ്യാൻ കഴിയാതെ പോയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വർഷവും 481413 രൂപ ചെലവഴിച്ച് നടപ്പാക്കിയ തെങ്ങിന് ജൈവവ വളം വിതരണം പദ്ധതി നടപ്പാക്കിയിരിക്കുന്നത് ഒക്ടോബർ നവംബർ മാസങ്ങളിലാണ്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടും കാലാവസ്ഥയ്ക്ക് അനുസൃതമായി വളം വിതരണം നടത്തുന്നതിനാവശ്യമായ ഇടപെടലോ, നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പിന്റ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. അന്തിമ പദ്ധതി രേഖയിൽതന്നെ എല്ലാവർഷവും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പമ്പ് സെറ്റ് വിതരണം ചെയ്തെങ്കിലും മിക്കവരും അത് വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് താൽപര്യം കാണിച്ചത് എന്ന് പരാമർശിച്ചിട്ടുണ്ട്. തൻവർഷവും 14 ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റ് വിതരണം നടത്തിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്തിട്ടില്ല. 100% സബ്സിഡി നിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതികൾക്കായി വലിയ അടങ്കലിൽ പദ്ധതികൾ രൂപീകരിക്കുകയും അപേക്ഷിച്ച ഗുണഭോക്താക്കക്ക് മുഴുവൻ പദ്ധതിയിൽ സഹായം നല്കുകയും ചെയ്യുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് കൃത്യമായി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പലപ്രോജക്ടുകളും ഭേദഗതിവരുത്തിയാണ് നടപ്പാക്കിയിരിക്കുന്നതെങ്കിലും ഇതിന്റെ ആവശ്യകത സംബന്ധിച്ച് യാതോരുവിധ ചർച്ചകളും, ശുപാർശകളും വർക്കിം ഗ്രൂപ്പിൽ നിന്നുണ്ടായിട്ടില്ല. കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിൽ വന്ന മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1-<u>കുറ്റികുരുമുളക് വ്യാപനം -നടീൽ വസ്തു വിതരണം ചെയ്തതിൽ അപാകത</u>

പ്രോജക്ട് നം-58/18

അടങ്കൽ -440000/-

ചെലവ് -440000/-

കുറ്റികുരുമുളക് വ്യാപനം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 1100 സ്ത്രീകൾക്ക് 4400 എണ്ണം കുറ്റികുരുമുളക് തൈകൾ വിതരണം ചെയ്ത് ഒരുടൺ കുരുമുളക് അധികമായി ഉല്പാദിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ അമൃതാ നഴ്സറി വെള്ളൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ

നം-3652/13-11-17 പ്രകാരം 80 രൂപ നിരക്കിൽ 5500 കുറ്റികുരുമുളക് തൈകൾ 440000/- ചെലവഴിച്ച് വാങ്ങിച്ചിട്ടുണ്ട്. ആകെ 22 വാർഡുകളിലായി 1610 ഗുണഭോക്താക്കൾക്ക് മേൽ തൈകൾ 100% സബ്സിഡി നിരക്കിൽ വിതരണം നടത്തിയിട്ടുണ്ട്. നടീൽ വസ്തുവിന്റെ വിതരണം പരിശോധിച്ചതിൽ വാർഡുകളിൽ നിന്നും പദ്ധതിക്കായി അപേക്ഷിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ആദ്യ 31 പേർക്ക് 4 എണ്ണം വീതവും ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് 3 എണ്ണം വീതവുമാണ് കുറ്റികുരുമുളക് തൈകൾ വിതരണം നടത്തിയത്. ആയതിൽ നിന്നും പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയല്ല നടീൽ വസ്തുവാങ്ങിയിരിക്കുന്നതും വിതരണം നടത്തിയിരിക്കുന്നതും എന്ന് വ്യക്തമാവുന്നു.ഇത് കാരണം 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്ത നടീൽ വസ്തു പദ്ധതിക്കായുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മൂന്നിൽ ഒന്ന് പേർക്ക് 320 രൂപ നിരക്കിലും ബാക്കി ഉള്ളവർക്ക് 240 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിനിടയാക്കി.

2-<u>മഞ്ഞൾ ഗ്രാമം-നടീൽ വസ്തുവിന് അധികം വില നൽകി.</u>

പ്രോജക്ട് നം-57/17-18

അടങ്കൽ -500000/-

ചെലവ് -500000/-

ബിൽ നം-8/28-2-18

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മഞ്ഞൾ ഗ്രാമം പദ്ധതിക്കായി നടീൽ വസ്തു വിതരണം ചെയ്ത അമൃതാ നഴ്സറി വെള്ളൂർ എന്നസ്ഥാപനത്തിന് ബിൽ നം-3679 തീയ്യതി 9-02-2018 പ്രകാരം 20161.300 കി.ഗ്രാം മഞ്ഞൾ വിത്തിന്റെ വിലയായി കിലോഗ്രാമിന് 24.80 രൂപ നിരക്കിൽ 500000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ച ടെണ്ടർ പ്രകാരം മഞ്ഞൾ വിത്തിനായി അമൃതാ നഴ്സറിക്വാട്ട് ചെയ്ത വില കിലോഗ്രാമിന് 24.40/- രൂപയാണ്. കിലോഗ്രാമിന് 24.80 നിരക്കിൽ തുക നൽകിയത് വഴി 8065 രൂപ അമൃതാ നഴ്സറിക്ക് അധികം നൽകിയിട്ടുണ്ട് . ആയത് തിരികെ ഈടാക്കേണ്ടതാണ്

## 3-3 <u>തെരുവുവിളക്ക് റിപ്പയർ -നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിലെ അപാകത കാരണം കൃത്യമായ സർവ്വീസ് ലഭിക്കാതെപോയി.</u>

അടങ്കൽ - 150000/-

ചെലവ് – 105000/-

ബിൽ നം – 25/ 9-3-18

നിർവ്വഹണം – സെക്രട്ടറി.

തെരുവുവിളക്ക് റിപ്പയർ മാറ്റിസ്ഥാപിക്കൽ പ്രോജക്ടിനായി ടെണ്ടർ സമർപ്പിച്ച ഉഷ ഇലക്ട്രിക്കൽ സിസ്റ്റം തൃത്താല എന്നസ്ഥാപനവുമായി ടെണ്ടർ നെഗോസിയേഷൻ നടത്തിയതിൽ സ്ഥാപനം 750/- രൂപ നിരക്കിൽ 200 എണ്ണം ലൈറ്റുകളുടെ റിപ്പയർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് അറിയിച്ചു. ഇത് പ്രകാരം സ്ഥാപനവുമായി സെക്രട്ടറി കരാറിൽ ഏർപ്പട്ടു. 17-11-2017 ലെ നം-5/17, ലെ കരാറിലെ എട്ടാമത് വ്യവസ്ഥ പ്രകാരം ബിൽ തുകയിൽ 70 % തുക ഒന്നാംഘട്ട റിപ്പയറിനുശേഷം പഞ്ചായത്ത് നിർവ്വഹണ ഏജൻസിക്കു നൽകുകയും ബാക്കി 30% തുകയിൽ 10% വീതം 2,3,4, ഘട്ടറിപ്പയറിനുശേഷം നൽകുന്നതാണെന്നുമാണ്. നിർവ്വഹണ ഏജൻസി ഒന്നാം ഘട്ടറിപ്പയറിംഗിനു ശേഷം 1-1-2018 ലെ നം- UES/17-18/1077 ബിൽ പ്രകാരം 196 സ്ട്രീറ്റ് ലൈറ്റുകൾ 750/- രൂപ നിരക്കിൽ റിപ്പയർ ചെയ്തതിന് 147000/- രൂപയുടെ ബിൽ ഹാജരാക്കുകയും ആയതിന്റെ 70% തുകയായ 105000/- രൂപ പഞ്ചായത്ത് നിർവ്വഹണ ഏജൻസിക്ക് കൈമാറുകയും ചെയ്തു. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതിക്കായി ഉഷ ഇലക്ട്രിക്കൽ സിസ്റ്റം സമർപ്പിച്ച ടെണ്ടറിൽ terms and codetion ആയി ഏജൻസി നൽകിയ ഓഫർ പഞ്ചായത്ത് ഒന്നാംഘട്ട സർവ്വീസിംഗിന് ശേഷം 50% തുകനൽകേണ്ടതാണ്, മൂന്ന് മാസത്തിൽ ഒരിക്കൽ ഒന്ന് എന്ന കണക്കിൽ 4 സർവ്വീസുകൾ ലഭ്യമാക്കുന്നതാണ്, ബാക്കി 50% തുക ഒരോ സർവ്വീസിനുശേഷവും തവണകളായി നൽകേണ്ടതാണ് എന്നുമാണ്. എന്നാൽ ഇതിനു വിരുദ്ധമായാണ് പഞ്ചായത്ത് ഒന്നാംഘട്ട റിപ്പയറിംഗിനുശേഷം 70% തുക നൽകാമെന്ന് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതും 31500/- രൂപ ഒന്നാംഘട്ടമായി അധികം നൽകുന്നതും. കൂടാതെ ഒന്നാംഘട്ട സർവ്വീസിനുശേഷം പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നിർവ്വഹണ ഏജൻസി പിന്നീട് പഞ്ചായത്തിലെത്തി തെരുവുവിളക്കുകളുടെ തുടർ റിപ്പയറിംഗ് നടത്തിയിട്ടില്ല. ഓഫർ ചെയ്തതിനേക്കാൾ കൂടിയ തുകയ്ക്ക് കരാറിൽ ഏർപ്പെട്ടതു വഴി പഞ്ചായത്തിന് നിർവ്വഹണ ഏജൻസിക്ക് അധികതുക നൽകേണ്ടിവരികയും, തുടർ സേവനം ലഭിക്കാതെ വരികയും ചെയ്യുന്നതിനിടയാക്കി. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-4 <u>പേപ്പർ രഹിത പഞ്ചായത്ത് ടച്ച് സ്ക്രീൻ അനുബന്ധ സാമഗ്രികളും വാങ്ങൽ .പദ്ധതി പൂർത്തിയായില്ല.</u>

പ്രോജക്ട് നം – 190/18

അടങ്കൽ - 310000/-

ചെലവ് - 275000/-

നിർവ്വഹണം – സെക്രട്ടറി.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജന സേവനം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനും ഫയലുകളുടെയും രേഖകളുടെയും സ്ഥിതി മനസിലാക്കുന്നതിനും. പൊതുജനങ്ങൾക്ക് പഞ്ചായത്തിലെ വിവിധ ഉദ്യോഗസ്ഥർ

ജനപ്രതിനിധികൾ എന്നിവരുമായി ബന്ധപ്പെടുന്നതിന് ഇന്റർകോം സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പ്രോജക്ട്. പദ്ധതി നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിൽ ഡ്രീസ് ഇൻഫോടെക് ,കാരക്കാട് റോഡ്, എറണാകുളം എന്നസ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 24-3-2019 തീയ്യതിയിലെ ഇൻവോയ്സ് നം-87 പ്രകാരം താഴെ പറയും പ്രകാരം സാധനങ്ങളുടെ വിലയായി 275000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തു

| ഇനം | എണ്ണം | വില |
|---|---|---|
| EPABX NEC 16 Port<br>Inclusive of Cabling 4 Teliphones | 1 | 50423.73 |
| Acer Veriton (13,4GB,1TB)<br>കംപ്യൂട്ടർ വിത്ത് മോണിറ്റർ | 2 | 75423.72 |
| Touch Screen Kiosk | 1 | 107203.39 |
| | CGST<br>SGST | 20974.58<br>20974.58 |
| ആകെ | | 275000.00 |

മേൽ ഇനങ്ങളിൽ ടച്ച്സ്ക്രീൻ സംവിധാനം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇന്റർ കോം സംവിധാനത്തിനായി വാങ്ങിയ 50423.73 രൂപയുടെ ഉപകരണങ്ങൾ ഓഡിറ്റ് തിയ്യതി വരെയും സ്ഥാപിച്ചിട്ടില്ല. ബിൽ പ്രകാരം 4 ടെലഫോണുകൾ സ്ഥാപിക്കുന്നതിനായുള്ള വയറിംഗിന് ഉൾപ്പെടെയാണ് ഡ്രീസ് ഇൻഫോടെക്കിന് തുക നൽകിയിരിക്കുന്നത് എന്നിരിക്കെ തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും സ്ഥാപനം ഇന്റർകോം സംവിധാനം സ്ഥാപിച്ചു നൽകിയിട്ടില്ല. പഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഇല്ലാത്തതിനാൽ പദ്ധതിക്കാവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചത് എങ്ങിനെ എന്നും വ്യക്തമല്ല. ഇത് കാരണം 275000/-രൂപ ചെലവഴിച്ചിട്ടും ആയതിന്റെ ഗുണഫലം പൂർണ്ണമായും ലഭിച്ചില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിരിക്കുന്നതെങ്കിലും നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ്

വിലയിരുത്തൽ നടത്തിയിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-5 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കരാറിൽ ഏർപ്പെടാതെ വാട്ടർ അതോറിറ്റിക്ക് തുക നൽകി

പ്രോജക്ട് – 204/17-18

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ – 300000( ലോകബാങ്ക് സഹായം)

ചെലവ് – 250000/-

ബിൽ നം – 31/28-3-18

പഞ്ചായത്തിലെ ചിറക്കൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ പുറമേരിയുടെ 24-3-2018 ലെ AE/P/DEPOSIT/2018 കത്ത് പ്രകാരം 420 മീറ്റർ നീളത്തിൽ 75MM പൈപ്പ് നീട്ടുന്നതിനായി 250000/- രൂപയുടെ എസ്റ്റിമേറ്റ് തുടർനടപടികൾക്കായി സമർപ്പിക്കുകയും മേൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 250000/- രൂപ സെക്രട്ടറി വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. 17-4-2018 ലെ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ സെക്രട്ടറിക്കുള്ള കത്തിൽ NEFT വഴി അയക്കുന്ന ഫണ്ടിന് വ്യക്തമായ ഐഡന്റിറ്റി ലഭ്യമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മേൽതുക വിനിയോഗിച്ച് കൊണ്ട് പ്രവൃത്തി ഏറ്റെടുക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് തീരുമാനവും വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും വാട്ടർ അതോറിറ്റിയുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യാതോരുവിധ മുൻധാരണകളുമില്ലാതെയാണ് തുക കൈമാറിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. പദ്ധതിയുടെ നിലവിലെ അവസ്ഥ, മൂല്യനിർണയ/വിവനിയോഗവിവരം, വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 ഗ്രാമലക്ഷ്മി മുദ്രാലയം- ബിൽ തുകയേക്കാൾ 3768 രൂപ അധികം നൽകി.

| | | |
|---|---|---|
| 1 | വൗച്ചർ നം/തീയതി. | 21700083/ 29.04.2017 |

| | | |
|---|---|---|
| 2 | ചെക്ക് നമ്പർ/തീയതി. | 19187/28.04.2017,SMGB |
| 3 | ഇൻവോയിസ് നമ്പർ/തീയതി. | 83-28.04.2017 |
| 4 | ബിൽ പ്രകാരമുള്ള തുക | 82172 |
| 5 | നൽകിയ തുക | 85940 |

1. ഗ്രാമപഞ്ചായത്തിലേക്കാവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും വാങ്ങിയ വകയിലാണ് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുകളിൽ ചേർത്ത പ്രകാരം 85940 രൂപ അനുവദിച്ചിട്ടുള്ളത്. എന്നാൽ പട്ടികയിലെ ക്രമ നമ്പർ 3 പ്രകാരമുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ ബിൽ പ്രകാരം 82172 രൂപയാണ് സ്ഥാപനത്തിന് നൽകാനുള്ളത്. 3768 രൂപ അധികം നൽകി
2. 03.01.2018 തീയതിയിലെ 21700867 നമ്പർ വൗച്ചർ പ്രകാരം രശീതുകൾ വാങ്ങിയ ഇനത്തിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് ബിൽ തുകയായ 2370 രൂപ പൂർണ്ണമായും അനുവദിച്ചതായി കാണുന്നു. വൗച്ചർ നമ്പർ 21700083 പ്രകാരം അധികം നൽകിയ തുക രശീതുകളുടെ ബില്ലിൽ ക്രമീകരിച്ച് നൽകിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചർ ഫയലിൽ അധികം നൽകിയ തുകയുടെ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ മുൻകൂർ/ബാധ്യതയായി പ്രസ്തുത തുക രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. തുക അനുവദിക്കും മുൻപ് ചെലവിന്റെ ആധികാരികത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. അധികം നൽകിയ 3768 രൂപയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 മാലിന്യ സംസ്കരണം- പദ്ധതി ആസൂത്രണം ചെയ്യാതെ തനത് ഫണ്ടിൽ നിന്നും ചെലവ്

നാദാപുരം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ആസൂത്രണം ചെയ്ത (127/18) അജൈവ മാലിന്യ പരിപാലന പദ്ധതി, (188/18) - തുമ്പൂർമുഴി എയ്റോബിക് ബിൻ എന്നീ പദ്ധതികൾ 2017-18 ൽ നിർവ്വഹണം നടത്തിയിട്ടില്ല. എന്നാൽ തനത് ഫണ്ടിൽ നിന്നും വൗച്ചർ നം - 21700191, തീ.02.06.2017 പ്രകാരം 93600 രൂപയും വൗച്ചർ നം- 21700429, തീ.25.08.2017 പ്രകാരം 37000 രൂപയും ചെലവഴിച്ച് മാലിന്യങ്ങൾ കയറ്റി അയച്ച് കയ്യൊഴിഞ്ഞിട്ടുണ്ട്. ശ്രീ.പ്രവീൺകുമാർ, ഈത്തൻ കണ്ടിയിൽ, ശ്രീ.ഹാരിസ്.പി.പി., പുത്തൻപുരയിൽ എന്നിവർ മുഖേനയാണ് മാലിന്യം കയറ്റി അയച്ചിട്ടുള്ളത്. എന്നാൽ മാലിന്യം അംഗീകൃത

സംസ്കരണ യൂണിറ്റുകളിൽ എത്തി ചേർന്നിട്ടുണ്ട് എന്നത് സ്ഥാപനം ഉറപ്പ് വരുത്തിയതായി കാണുന്നില്ല. മാലിന്യം കയറ്റി അയച്ച് കയ്യൊഴിയുക എന്നതിനപ്പുറം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്ന ഉത്തരവാദിത്വം നിർവ്വഹിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 52 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് പാലോഞ്ചോലമലയിൽ പണികഴിപ്പിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റ്പ്രദേശവാസികളുടെ എതിർപ്പ്കാരണം ഫെബ്രുവരി 2016 ന് ശേഷം തുറന്ന് പ്രവർത്തിക്കുന്നില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട W.P(C)/6475/16 നമ്പറായുള്ള വ്യവഹാരത്തിന്മേൽ 06.04.2016 ൽ ഗ്രാമപഞ്ചായത്തിന് അനുകൂല വിധിയുണ്ടായെങ്കിലും പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. 27.04.2018 ന് ശേഷം മേൽ വിഷയവുമായി ബന്ധപ്പെട്ട് യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. മാലിന്യ സംസ്കരണ കേന്ദ്രത്തിൽ, മാലിന്യ സംസ്കരണ പ്ലാന്റിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ആസ്തികൾ പ്രയോജനപ്പെടുത്താതെ കാലഹരണപ്പെടുന്നുണ്ട് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ 22.03.2017 തീയതിയിലെ യോഗത്തിൽ മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പരാമർശിച്ച പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം/പേര് | അടങ്കൽ തുകയും ഫണ്ടിനവും | ചെലവ് |
|---|---|---|---|
| 1 | 127/18, അജൈവ മാലിന്യ സംസ്കരണം | 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), 1000000 - (മറ്റുള്ളവ) | 0 |
| 2 | 188/18, തുമ്പൂർ മുഴി എയ്റോബിക് ബിൻ | 375000 - വികസനഫണ്ട്, 375000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 |

ഗ്രാമപഞ്ചായത്തിൽ ജൈവ-അജൈവ മാലിന്യ സംസ്കരണ കേന്ദ്രം നിലവിലിരിക്കെയും വാർഷിക പദ്ധതിയിൽ പ്രസ്തുത ആവശ്യത്തിലേക്കായി വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടിനങ്ങൾ വകയിരുത്തുകയും ചെയ്ത സാഹചര്യത്തിലും അജൈവ-ജൈവ മാലിന്യങ്ങൾ കയറ്റി അയച്ച് കയ്യൊഴിയുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ സാഹചര്യം ശുചിത്വവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചതായി കാണുന്നില്ല.

മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പത്രപരസ്യം- അധിക നിരക്ക് നൽകി.

| | | |
|---|---|---|
| 1 | വൗച്ചർ നം/തീയതി. | 21700070/ 26.04.2017 |
| 2 | ചെക്ക് നമ്പർ/തീയതി. | 19090/26.04.2017,SMGB |
| 3 | ഇൻവോയിസ് ബിൽ നമ്പർ/തീയതി. | 217316498-16.04.2017 , മലയാള മനോരമ. |
| 4 | ബിൽ പ്രകാരമുള്ള തുക | 9000 |
| 5 | നൽകിയ തുക | 9000 |

നാദാപുരം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചത് സംബന്ധിച്ച് 16.04.2017 ലെ മലയാള മനോരമ ദിനപത്രത്തിലെ കോഴിക്കോട് എഡിഷനിലെ ഏഴാം പേജിൽ 8 സെ.മി.x 5 സെ.മി വിസ്തീർണ്ണത്തിൽ ലഘു ദർഘാസ് പരസ്യം പ്രസിദ്ധീകരിച്ചതിനുള്ള പരസ്യ തുകയാണ് മേൽ വൗച്ചർ മുഖേന അനുവദിച്ചിട്ടുള്ളത്. ഒരു ചതുരശ്ര സെന്റിമീറ്ററിന് 535 രൂപ നിരക്കിൽ 21400 രൂപ കണക്കാക്കി 57.94 ശതമാനം കിഴിവനുവദിച്ചാണ് ബിൽ തുകയായ 9000 രൂപ കണക്കാക്കിയിരിക്കുന്നത്.

21.12.2016 ലെ ജി.ഒ (ആർ.ടി) 12/2016/ഐ&പി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം മലയാള മനോരമ ദിനപത്രം സി കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്. കോഴിക്കോട് ജില്ലാ എഡിഷന് ബാധകമായ നിരക്ക് ച.സെ.മി ക്ക് 87.05 രൂപയാണ്. എന്നാൽ ബിൽ പ്രകാരം 225 രൂപ നിരക്കിലാണ് പരസ്യതുക ഈടാക്കിയിട്ടുള്ളത്. 20.11.2015 ലെ ജി.ഒ (ആർ.ടി) 551/2015/ ഐ&പി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ഐ&പി.ആർ വകുപ്പ് മുഖേനയോ, നേരിട്ടോ നൽകുന്ന സർക്കാർ വകുപ്പുകളുടെ പരസ്യത്തിന് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ച മലയാള മനോരമ ദിനപത്രത്തിന് അനുവദിച്ച ബിൽ തുകയിൽ നിന്നും സർക്കാർ സ്ഥാപനങ്ങൾക്ക് അർഹമായ ഇളവ് നേടിയെടുക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല .

ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവുകൾ അംഗീകരിച്ച് നൽകുമ്പോൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 3-9 തെരുവ് വിളക്ക്/ കുടിവെള്ള പൈപ്പ്, സംയുക്ത പരിശോധന സംബന്ധിച്ച്.

2017-18 ൽ വെള്ളക്കരം അടവാക്കുന്നതിനായി 509256 രൂപ കേരള വാട്ടർ അതോറിറ്റിക്കും തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 795784 രൂപയും കെ.എസ്.ഇ.ബിക്കും സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. 07.07.2010 ലെ 43742/ഡി.സി 3/ത.സ്വ.ഭ.വ സർക്കുലറിൽ നിഷ്കർഷിക്കുന്ന വിധത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രതിമാസ ബിൽ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് കെ.എസ്.ഇ.ബി/വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ഥാപനം സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇക്കാരണത്താൽ തന്നെ ബിൽ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. അടിയന്തിരമായി കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ഥാപനം സംയുക്ത പരിശോധന നടത്തിയതായി അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം, തെരുവ് വിളക്കുകളുടെ ചാർജ്ജ് എന്നിവയുടെ കൃത്യത സ്ഥാപനം ഉറപ്പാക്കേണ്ടതാണ്.

## 3-10 ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പള കുടിശ്ശികയുടെ 1, 2 ഗഡുക്കൾ ചുവടെ ചേർത്ത പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700138/17.05.2017 | 64547 |
| I | 21700137/17.05.2017 | 253112 |
| I | 21700136/17.05.2017 | 64546 |
| II | 21700579/09.10.2017 | 67097 |

| | | |
|---|---|---|
| II | 21700580/09.10.2017 | 263116 |
| II | 21700581/09.10.2017 | 31868 |
| | ആകെ | 744286 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പുതുക്കിയ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവർ ഒഴികെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ വിഹിതം അടവാക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 കുടിവെള്ള വിതരണം-നടപടി ക്രമങ്ങൾ പാലിച്ചില്ല.

| | | |
|---|---|---|
| 1 | വൗച്ചർ നം/തീയതി. | 21700270/ 29.06.2017 |
| 2 | ചെക്ക് നമ്പർ/തീയതി. | 19647/29.06.2017 |
| 3 | ബിൽ പ്രകാരമുള്ള തുക | 230100 |
| 4 | നൽകിയ തുക | 230100 |

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ശ്രീ.സുഹൈൽ നാരാണൻ കുട്ടി എന്നവരുടെ ടെണ്ടർ അപേക്ഷ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 26.04.2017 മുതൽ 03.06.2017 വരെയുള്ള കാലലയളവിൽ ശ്രീ സൂഹൈൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. 16000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 5900 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ നടപടികളിലൂടെ സേവനദാതാവിനെ തെരഞ്ഞെടുക്കുന്നതിനായി 16.04.2017 തീയതിയിൽ പത്രപരസ്യം ചെയ്യുകയുണ്ടായി. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 20.04.2017 ആയിരുന്നു. 08.11.2010 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(പി).259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ഓപ്പൺ ടെണ്ടർ നടപടി ക്രമത്തിൽ ടെണ്ടർ ഫോറം സമർപ്പിക്കുന്നതിന് പരസ്യ തീയതി മുതൽ 21 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്.ആയത് പാലിക്കപ്പെട്ടിട്ടില്ല.

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിന്റെ നിരക്ക് നിർണ്ണയിക്കേണ്ടത് കിലോമീറ്റർ അടിസ്ഥാനത്തിലാണ്. കൂടാതെ ജലവിതരണം നടത്തി എന്നതിന്റെ തെളിവായി വാർഡ് മെമ്പർമാർമാർ, സെക്രട്ടറി എന്നിവർ ട്രിപ്പ്ഷീറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജി.പി.എസ് ലോഗ്, ട്രിപ്പ് ഷീറ്റ് എന്നിവ ഒത്ത് നോക്കി വേണം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ മേൽ നടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.കുടിവള്ളം വിതരണം ചെയ്തതിന് 230100 രൂപ കരാറുകാരന് അനുവദിച്ചെങ്കിലും പ്രസ്തുത തുകയിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല.

കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കുടിവെള്ള വിതരണ പ്രശ്നം ചർച്ച ചെയ്യുകയും പദ്ധതി നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിനുള്ള പദ്ധതികളൊന്നും 2017-18 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞതും ആവർത്തന സ്വഭാവമുള്ളതുമായ വരൾച്ചാ പ്രശ്നത്തെ നേരിടുന്നതിന് കുടിവെള്ള വിതരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താതെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി ചെലവ് നിർവ്വഹിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മുൻ വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ സമാന അപാകതകൾ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. പ്രസ്തുത സാഹചര്യത്തിലും അപാകതകൾ ആവർത്തിച്ചത് വിശദീകരിക്കേണ്ടതാണ്.

## **3-12** ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരുത്തിയില്ല

പ്രൊജക്റ്റ് നം. : 39/18

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നൽകുന്ന അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ആനുപാതികമായി ഫണ്ട്

വകയിരുത്താത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്ത് പദ്ധതി പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 250350 (വികസനഫണ്ട് ജനറൽ) | 250350 |
| ബ്ലോക്ക് പഞ്ചായത്ത് | 125175 | 125000 |
| ജില്ലാ പഞ്ചായത്ത് | 125175 | 125000 |
| ആകെ | 5,00,700 | 500350 |

71 പേർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ വകയിരുത്തിയത് 5,00,700 രൂപയാണ്. മാനസിക വെല്ലുവിളി നേരിടുന്ന 42 പേരും ശാരീരിക വെല്ലുവിളി നേരിടുന്ന 29 പേരും ഉൾപ്പെടെ 71 പേർക്ക് സർക്കാർ അനുവദിച്ച നിരക്കിൽ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ആനുപാതികമായി തുക വകയിരുത്തിയിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന 42 ഗുണഭോക്താക്കൾക്ക് 7657 രൂപ വീതമാണ് നൽകിയിട്ടുള്ളത്. പ്രതിമാസ സ്കോളർഷിപ്പ് തുകയായ 12,000/- രൂപ പോലും ഈ വിഭാഗക്കാർക്ക് നൽകിയിട്ടില്ല.

സർക്കാർ ഉത്തരവ് നം 80/ 2017/തസ്വഭവ 03.04.2017ഖ 10.3.4(ബി)പ്രകാരം എല്ലാ ബത്തകളും, ഉല്ലാസ യാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപയും ഉൾപ്പടെ വാർഷികമായി 28,500 രൂപ ചുവടെ ചേർത്ത പ്രകാരം നൽകാവുന്നതാണ്.

| ഇനം | സ്കോളർഷിപ്പ് ബത്ത |
|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം) | 1,000/- |
| വസ്തുങ്ങൾക്കുള്ള ബത്ത (വാർഷികം) | 1,500/- |
| പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത (വാർഷികം) | 2,000/- |
| യാത്രാബത്ത (ഡേ സ്കോളർ പ്രതിമാസം) | 1,000/- |
| ഉല്ലാസയാത്രാ ചെലവുകൾ (രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പടെ) | 1,000/- |

മേൽ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ (1)പ്രകാരം അവശത അനുഭവിക്കുന്ന മേൽ

വിഭാഗത്തിന് സ്കോളർഷിപ്പ് - ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്നും, ഇതേ ഖണ്ഡികയിലെ കുറിപ്പ് 3 പ്രകാരം പ്രതിമാസ സ്കോളർഷിപ്പ് /ബത്ത വർഷത്തിൽ 12 മാസവും നൽകേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്.

28.03.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. പിന്നീട് 16.05.2017 ന് യോഗം ചേർന്നെങ്കിലും തീരുമാനങ്ങളൊ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല. തുടർന്ന് 2018-19 പദ്ധതി രൂപീകരണത്തിന്റെ ആവശ്യാർത്ഥമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇത് സംബന്ധിച്ച് ചർച്ച നടത്തി സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇവർക്ക് അർഹമായ ധനസഹായം നൽകുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ആനുകൂല്യം നൽകുന്നതിനുമായി നടപടി സ്വീകരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>2. യഥാർത്ഥചെലവിനേക്കാൾ കൂടുതൽ തുക പിൻവലിച്ചു</u>

ഐ. സി.ഡി.എസ് സൂപ്പർവൈസറുടെ ട്രഷറി ബിൽ ബുക്ക്, ബിൽ 5/2017-18 തീ. 27.11.2017 (ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെട്ട ചെലവ്) പ്രകാരം പിൻവലിച്ചത് 78490/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 74890/- രൂപയാണ്. 3600/- രൂപ കൂടുതൽ പിൻവലിച്ചു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, കൂടുതലായി പിൻവലിച്ച തുക തിരികെ അടവാക്കേണ്ടതുമാണ്.

<u>3. പ്രൈവറ്റ് വാഹനം ബഡ്സ് സ്കൂൾ സേവനത്തിനായി തെരഞ്ഞെടുത്തു</u>

ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് കുട്ടികളെ എത്തിക്കുന്നതിനും തിരികെ വീട്ടിലേക്ക് എത്തിക്കുന്നതിനുമായി വാഹനം തെരഞ്ഞെടുക്കുന്നതിനായി ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ ശ്രീ. അബ്ദുൾ അസീസ് (KL-11J-5857) എന്നവരെ തെരഞ്ഞെടുത്തു. മോട്ടോർ വാഹനവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസ്തുത വാഹനത്തിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ വാഹനം ശ്രീ. അബ്ദുൾ ഗഫൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 'Non Transport' വിഭാഗത്തിലുള്ളതാണ്. ബഡ്സ് സ്കൂൾ ആവശ്യത്തിലേക്കായി ഈ വാഹനത്തെ തെരഞ്ഞെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കൂടാതെ, പഞ്ചായത്ത് തലത്തിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് പകരം നിർവ്വഹണോദ്യഗസ്ഥ തന്നെയാണ് വാഹനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഈ നടപടി ഭരണസമിതി അംഗീകരിച്ചതായും കാണുന്നില്ല. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-13** <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- മതിയായ</u>

## രേഖകൾ ഇല്ലാതെ അനുവദിച്ചു

പ്രൊജക്ട് നം. : 121/18

നിർവ്വഹണം : അസി. സെക്രട്ടറി

വകയിരുത്തിയത് : 4,20,000 (വികസനഫണ്ട് SCP)

ചെലവ് : 3,88,700/-(2/17-18 തീ. 24.03.2018)

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് , എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾ, കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യ/ത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനാണ് പദ്ധതി. ഇത് പ്രകാരം ഡ്രീംസ് ഇൻഫോടെക്ക് പള്ളിമുക്ക്, ഏറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 29890/- രൂപ നിരക്കിൽ 13 ലാപ്ടോപ്പുകൾ 3,88,700/- രൂപ ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലാപ്ടോപ്പ് വാങ്ങൽ സംബന്ധിച്ച് പ്രൊക്യുയർമെന്റ് കമ്മറ്റി ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല.

സ.ഉ(എം.എസ്)80/2017/തസ്വഭവ തീ. 03.04.2017 ഖ.11.8.6പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല, മുമ്പ് ആനുകൂല്യം ലഭ്യമായിട്ടില്ല എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്കേ ലാപ്ടോപ്പ് നൽകാവൂ. കൂടാതെ, പാരലൽ കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കി വേണം ആനുകൂല്യം നൽകാൻ. എന്നാൽ ഇത്തരത്തിലുള്ള രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | റിമാർക്സ് |
|---|---|---|
| 1 | അക്ഷയ്, മഠത്തിൽ | വകുപ്പിൽ നിന്നോ, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. |
| 2 | ജ്യോത്സന. എസ്. പ്രേമൻ | |
| 3 | വിഷ്ണു. കെ.ടി.കെ, കോമത്ത് താഴെ കുനിയിൽ | |
| 4 | നിഖിൽ രാജ്, വെള്ളാരി | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചത് സംബന്ധിച്ച രേഖകൾ, ജില്ലാ പഞ്ചായത്തിൽ |

| | | |
|---|---|---|
| | | നിന്ന് ആനുകൂല്യം ലഭിച്ചില്ല എന്നത് സംബന്ധിച്ച രേഖകൾ എന്നിവ ഇല്ല. |

പദ്ധതി നിർവ്വഹണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. മതിയായ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകിയതിനും ലാപ്ടോപ്പ് വാങ്ങൽ സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മറ്റി ചർച്ചചെയ്ത് തീരുമാനമെടുക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/19.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 3-14 വീട് വാസയോഗ്യമാക്കൽ - കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം നൽകി

പ്രോജക്റ്റ് നം : 106/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

സ.ഉ (എം.എസ്) 80/17/തസ്വഭവ തീ. 03.04.2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്തിൽ ധനസഹായം നൽകിയ 43 ഗുണഭോക്താക്കളിൽ താഴെ പറയുന്നവരുടെ വീടിന്റെ കാലപ്പഴക്കം 8 വർഷത്തിൽ കുറവാണ് എന്ന് ഫോറം നം 6 (സഞ്ചയ) പരിശോധിച്ചതിൽ കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | കാലപ്പഴക്കം |
|---|---|---|
| 1 | പൊക്കി ഇല്ലത്തുമീത്തൽ | 6 വർഷം |
| 2 | പാത്തുട്ടി, ചെപ്പോടത്ത് | 7 വർഷം |
| 3 | മാണി | 3 വർഷം |

പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിലോ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയിലോ അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല.

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ആനുകൂല്യം കൈപ്പറ്റിയ മറ്റ് ഗുണഭോക്താക്കളുടെ വിവരങ്ങൾ കൂടെ പരിശോധിച്ച് അർഹതയുള്ളവർക്കാണ് ആനുകൂല്യം നൽകിയത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-15 S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ.വിഹിതം അടവാക്കുന്നതിന് താഴെപ്പറയുന്ന പ്രൊജക്ട് പ്രകാരം 4,58,597 ലക്ഷം രൂപ പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർ S.S.A. കോഴിക്കോടിന് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ. തിയ്യതി |
|---|---|---|---|
| 123/18 എസ്.എസ്.എ വിഹിതം അടവാക്കൽ | 4,58,597/- വികസന ഫണ്ട് (ജനറൽ) 5,41,403 (തനത്ഫണ്ട്) | 4,58,597/- | 1/17-18 തീ. 19.07.2017 |

എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിലുള്ള വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സ.ഉ (എം.എസ്)നം.72/2017/ത.സ്വ.ഭ. വ29.03.2017 അനുബന്ധം ഖ. 12.9(3) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തേണ്ടതാണെന്നും. , എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അടവാക്കിയ തുകക്ക് വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്, മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, മോണിറ്ററിംഗ് കമ്മറ്റി, എന്നിവ ചർച്ചചെയ്ത് ആവശ്യമായ നടപടികൾ കൈകൊണ്ടിട്ടില്ല.

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദമായ റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | കിണർ റീചാർജിംഗ് | - | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8500 | നെൽകൃഷി പ്രോത്സാഹനം | - | 8500 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 17500 | ഗ്രൂപ്പ് പച്ചക്കറികൃഷി | - | 17500 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 125000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 331028 | 68972 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | പൈപ്പ്ലൈൻ | | 250000 | - | 250000 |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 322/2010 തീ.24/01/2010 | 12812275 | 2418856 | 1189220 | - | 1229636 |
| ഓഡിറ്റോറിയം നിർമാണം-KURDFC | 1130/2014 തീ.13/05/14 | 22500000 | 18166796 | 3204580 | 1968220 | 14962216 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി ഷെയർ | ലഭ്യമല്ല | ലഭ്യമല്ല | 5000 | - |
| ആകെ | | | | 5000 | - |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2003-04 | 11.13.7.1 | നികുതി പിരിവിൽ അംഭാവം | ലഭ്യമല്ല |
| 1999-2000 | ഭാഗം 1 | 2003-04 | 11.14 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അപാകത | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2004-05 | 11.1.3.27 | നികുതി കുടിശ്ശിക | ലഭ്യമല്ല |
| 2000-01 | 9 | 2004-05 | 11.1.6.2 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല | ലഭ്യമല്ല |
| 2002-03 | 3-11 | 2005-06 | 1.70.1.1.16 | റോഡ് നിർമാണ പ്രവൃത്തികൾ | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-6 | 2005-06 | 2.7.1.4.7 | ഭവനനിർമ്മാണം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-11, 3-12 | 2005-06 | 2.70.1.9.16 | പെൻഷൻ/ വേതനം അപാകതകൾ | ഒഴിവാക്കാൻ ശുപാർശ |
| 2002-03, 2003-04 | ഭാഗം 1 | 2005-06 | 2.70.1.11.13 2.70.1.11.17 | കൃഷി ഓഫീസർ/ നിർവ്വഹണ ഉദ്യോഗസ്ഥൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | ഒഴിവാക്കാൻ ശുപാർശ 20 |
| 2002-03 | - | 2005-06 | 2.70.1.14.25 | നികുതി പിരിവിൽ അംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 22 സി (എ) | 2005-06 | 2.71.1 | തൊഴിൽനികുതി എഴുതി തള്ളി | ഒഴിവാക്കാൻ ശുപാർശ |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | - |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | - |

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 68467855.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66903257.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8065.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2(2) | - | 8065 | റൈഹാനത്ത് കൃഷിഓഫീസർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | - |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്

ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റൈഹാനത്ത് കൃഷിഓഫീസർ | കൃഷി ഓഫീസർ നാദാപുരം ഗ്രാമ പഞ്ചായത്ത് | ഉഴുന്നൻവീട് കുത്തുപറമ്പത്ത് മൈത്ര പി.ഒ, മലപ്പുറം-673619 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93<br>1993-94 | എൽ.എഫ്. കെ.കെ.ഡി.പി6/ 189/09തീ.03/06/2010 | 4 | 21,22(2),35,37 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി6/ 4/85/2010 തീ.28/10/10 | 14 | 2(1),2-2,3-2,3-3, 3-4,3-4(2),3-5,3-6, 3-7,3-8,3-9,3-20, 3-21(2),(4) |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി 11/173/2013 തീ.02/04/13 | 6 | 3-7, 3-11(2), 3-11(3), 3-17, 3-21, 3-19 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി 11/ 165/2013 തീ.05/06/13 | 8 | 2-2,3-3,3-4(1),(2), 3-5,3-6,3-7,4-7 |
| 2010-11 | എൽ.എഫ്. കെ.കെ.ഡി.പി 11/ 166/2013 തീ.2/05/13 | 9 | 3-2(1),3-5,3-6(1-3), 3-7(1-7), 3-8,3-9,4-7 |
| 2011-12 | എൽ.എഫ്. കെ.കെ.ഡി.പി 9/ 1117/2018 തീ.14/11/18 | 6 | 2-2,3-1,3-12, 3-13,4-5,4-7 |
| 2012-13<br>2013-14 | എൽ.എഫ്. കെ.കെ.ഡി.പി 9/ 1117/2018 തീ.14/11/18 | 16 | 2-1,3-2,3-3,3-5, 3-6,3-7,3-10,<br>3-11,3-12,3-13, 3-15,3-16,3-18, 4-1,4-9,4-11 |
| 2015-16 | എൽ.എഫ്. കെ.കെ.ഡി.പി9/ 521/2017 തീ.17/01/18 | 45 | 2(1,2,3,4,5,6,7,8, 9,10,11,12,13,14), 3(1,2,3,4,5)3-8, 3-9,3-12,3-13, 3-14,3-15,3-16,3-17, 3-18,3-19,3-20,3-21, 3-22,3-23,3-24, 3-25,3-26, 3-27, 3-28,3-29,3-30, 3-31,3-32,3-33, 3-34,3-36 |

| | | | |
|---|---|---|---|
| 2016-17 | എൽ.എഫ്. കെ.കെ.ഡി.പി 6/ 2131/2017 തീ.22/01/18 | 25 | 2-1(1,3,4,5), 2-(2,3,4,5),3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10, 3-12,3-14, 3-15,3-16, 3-17(1,2),3-19, 3-21,3-23,3-24 |

ഡെപ്യൂട്ടി ഡയരക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി9/268/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:26.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ

ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
കോഴിക്കോട്